No. 14/2024 - C1
22-02-2024

# വിജ്ഞാപനം

**പോൾ ആലപ്പാട്ട്**

## ഇന്ത്യയ്ക്കുവേണ്ടി പ്രാർത്ഥിക്കുക.

പിതാവും പുത്രനും പരി.ആത്മാവുമായ ത്രിത്വൈക ദൈവത്തിന് സ്തുതി!

ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

“ജനനീ ജന്മഭൂമിച്ഛ സ്വർഗ്ഗാധപി ഗരിയസി” (ജനനം നല്കിയ അമ്മയും ജന്മഭൂമിയും സ്വർഗ്ഗത്തിന് തുല്യമാണ്) എന്ന സംസ്കൃത ശ്ലോകത്തിന്റെ വരിയാണ് ഇപ്പോൾ എന്റെ മനസ്സിലേയ്ക്ക് ഓടിയെത്തുന്നത്. ഏതൊരു മനുഷ്യനും ഈ ഭൂമിയിൽ ജനിച്ച് മരിക്കുന്നതുവരെ ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്ന ഇടമാണ് ശാന്തിയും സമാധാനവും ഐശ്വര്യവും സുരക്ഷിതത്വവും പകരുന്ന തന്റെ മാതൃഭൂമി. അതുകൊണ്ടാണല്ലോ നാം ജനിച്ച് വളർന്ന് ജീവിയ്ക്കുന്ന രാജ്യത്തെ നമ്മുടെ മാതൃരാജ്യമെന്ന് വിശേഷിപ്പിക്കുന്നത്. ഒരു വ്യക്തിയുടെ ജീവിതത്തിൽ ഒന്നിലധികം രാജ്യങ്ങൾക്ക് അവകാശപ്പെടാൻ പറ്റുന്നതല്ല ഈ വിശേഷണം.

ദൈവാനുഗ്രഹത്താൽ നാം ഇന്ത്യാ മഹാരാജ്യത്തിലെ പൗരന്മാരായി ജനിച്ചുവളർന്ന് ജീവിക്കാൻ ഭാഗ്യം സിദ്ധിച്ചവരാണ്. ലോകത്തിലെ മറ്റു രാജ്യങ്ങൾ എന്നും “അത്ഭുത”മായി നോക്കി കാണുന്ന രാജ്യമാണ്, വിവിധ ഭാഷകളുടെയും സംസ്ക്കാരങ്ങളുടെയും മതങ്ങളുടെയും ഗോത്രങ്ങളുടെയും സംഗമഭൂമിയായ ഇന്ത്യ. ഇന്ത്യ ഇങ്ങനെ മുന്നോട്ടു പോകുന്നത് വ്യക്തമായ ദർശനവും ദിശാബോധവും ദൂരക്കാഴ്ചയുമുള്ള ഒരു ഭരണഘടനയ്ക്ക് രൂപം കൊടുക്കാൻ നമ്മുടെ രാഷ്ട്ര ശില്പികൾക്ക് കഴിഞ്ഞതുകൊണ്ടാണ്. നമ്മുടെ രാഷ്ട്രത്തിന്റെ “വി. ഗ്രന്ഥ”മായ ഭരണഘടനയുടെ ആമുഖത്തിൽ ചേർത്തിട്ടുള്ള മൂല്യങ്ങളായ നീതി, സമത്വം, സ്വാതന്ത്ര്യം, ജനാധിപത്യം, മതേതരത്വം എന്നിവയാണ് ഇന്ത്യൻ ഭരണഘടനയ്ക്ക് ചാരുതപകരുന്നതും അതിനെ അതുല്യമാക്കുന്നതും.

ഈ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന അടിസ്ഥാന ദർശനത്തിനും മൂല്യങ്ങൾക്കും വിധേയമായി ഇന്ത്യൻ ജനതയെ നയിക്കാനും ഭരിക്കാനും നിയോഗിക്കപ്പെടുന്നവരാണ് ഇന്ത്യയുടെ രാഷ്ട്രീയ നേതൃ

ത്വം. ഈ അർത്ഥത്തിലും പശ്ചാത്തലത്തിലുമാണ് അടുത്ത ഏപ്രിൽ- മെയ് മാസങ്ങളിൽ നടക്കാൻ പോകുന്ന ദേശീയ തിരഞ്ഞെടുപ്പിനെ നാം കാണേണ്ടത്. ഇന്ത്യൻ ഭരണഘടനയെ സംരക്ഷിക്കാനും ആ ഭര ണഘടനയിൽ ഉൾച്ചേർക്കപ്പെട്ടിട്ടുള്ള മൂല്യങ്ങൾക്ക് വിധേയമായി ഇന്ത്യയെ നിലനിർത്താനും ഇന്ത്യയിലെ ഓരോ പൗരനും ചുമതലയു ണ്ട്. ആ ചുമതലയാണ് തങ്ങൾക്ക് ലഭിച്ചിട്ടുള്ള സമ്മതിദാനവകാശം. ഈ അവകാശമാണ് സുചിന്തിതമായി, ഉത്തരവാദിത്തബോധത്തോടെ നിർവ്വഹിച്ച് നിറവേറ്റേണ്ടത്. മതങ്ങൾക്കും സംസ്ക്കാരങ്ങൾക്കും ഭാഷകൾക്കും ഗോത്രങ്ങൾക്കുമപ്പുറം ഇന്ത്യൻ ജനതയെ ഒന്നായി കാണുകയും നയിക്കുകയും ചെയ്യുന്ന ഒരു ഭരണനേതൃത്വം ഇന്ത്യയി ലുണ്ടാകണം. അപ്രകാരം ഒരവസ്ഥ ഇന്ത്യയിലുണ്ടാകാൻ ഇന്ത്യൻ ജനത ഒറ്റക്കെട്ടായി ശ്രമിച്ചില്ലെങ്കിൽ നമ്മുടെ മാതൃഭൂമി അധികം വൈകാതെ ഒരു "കലാപ ഭൂമി"യാകാനുള്ള എല്ലാ സാദ്ധ്യതകളുമുണ്ട്. അതുകൊണ്ട് അടുത്തുവരുന്ന പൊതുതിരഞ്ഞെടുപ്പിനെ നാം വളരെ ഗൗരവത്തോടെ കാണണം.

ഒരു പൗരനെന്ന നിലയിൽ നാം എന്താണ് ഇക്കാര്യത്തിനുവേണ്ടി ചെയ്യേണ്ടത്?

a. നമ്മുടെ അനുദിനമുള്ള വി. കുർബാനകളിലും പള്ളികളിലും ഭവ നങ്ങളിലും സന്യാസ സമൂഹങ്ങളിലും സ്ഥാപനങ്ങളിലുമുള്ള മറ്റു പ്രാർത്ഥനകളിലും നമ്മുടെ രാജ്യത്തിനുവേണ്ടി പ്രാർത്ഥിക്കണം.

b. മാർച്ച് 22 വെള്ളിയാഴ്ച "ഇന്ത്യയ്ക്കുവേണ്ടിയുള്ള പ്രാർത്ഥന-ഉപ വാസദിന"മായി നമ്മുടെ പള്ളികളിലും സന്യാസ സമൂഹങ്ങ ളിലും സ്ഥാപനങ്ങളിലും ആചരിക്കണം. കാലത്ത് 7 മണിമുതൽ വൈകിട്ട് 6 മണിവരെ വി. കുർബാന എഴുന്നള്ളിച്ച് വച്ച് കുടുംബ ക്കൂട്ടായ്മാ- സംഘടനാതലങ്ങളിലെ സമയ ക്രമീകരണമനുസ രിച്ച് വളരെ അർത്ഥപൂർണ്ണമായ രീതിയിൽ അത് സംഘടിപ്പിക്ക ണം.

c. വോട്ടർമാരുടെ ലിസ്റ്റിൽ പേരുണ്ടോ എന്ന് ഉറപ്പുവരുത്തുകയും ഇതുവരെ പേര് ഇല്ലാത്തവർ (18 വയസ്സ് തികഞ്ഞവർ) കഴിയു ന്നതും വേഗത്തിൽ ആ ലിസ്റ്റിൽ പേര് ചേർക്കുകയും വേണം. ഇതിന് ഓരോ കുടുംബ കൂട്ടായ്മയുടെയും ഭാരവാഹികൾ അതത് കൂട്ടായ്മാതിർത്തിയിൽ ഒറ്റക്കെട്ടായി ശ്രമിക്കണം, ബന്ധപ്പെട്ട കുടുംബങ്ങളെ ഇക്കാര്യത്തിന് സഹായിക്കണം.

d. തിരഞ്ഞെടുപ്പ് ദിവസം യാത്രപോകാതെ കഴിയുന്നതും വേഗ ത്തിൽ ബൂത്തിലെത്തി വോട്ട് ചെയ്യണം. വോട്ട് രേഖപ്പെടുത്താത്ത ആരും നമ്മുടെ രൂപതയിൽ ഉണ്ടാകാൻ പാടില്ല. മറ്റു വ്യക്തിക ളേയും കുടുംബങ്ങളേയും ഗ്രൂപ്പുകളേയും സ്നേഹബുദ്ധ്യാ അതി

നുവേണ്ടി പ്രോത്സാഹിപ്പിക്കണം, പ്രേരിപ്പിക്കണം.

അങ്ങനെ നമ്മുടെ പ്രാർത്ഥനയും ജാഗ്രതയും പ്രചോദനവും വഴി ഇന്ത്യയിലെ ജനാധിപത്യവും മതേതരത്വവും ന്യൂനപക്ഷ സംരക്ഷണവും സമത്വവും സ്വാതന്ത്ര്യവും ശക്തമായി നിലനില്ക്കാൻ കാരണമാകട്ടെ. നമ്മുടെ നാടിനെ ഈശോയുടെ തിരുഹൃദയത്തിനും പരി. അമ്മയുടെ വിമലഹൃദയത്തിനും സമർപ്പിച്ച് പ്രാർത്ഥിക്കാം. ഭാരതത്തിന്റെ പ്രഥമ അപ്പസ്തോലൻ കൂടിയായ മാർത്തോമ്മാ ശ്ലീഹായുടെയും ദ്വിതീയപ്പസ്തോലനായ വി. ഫ്രാൻസിസ് സേവ്യറിന്റെയും ശക്തമായ മാദ്ധ്യസ്ഥത്തിനുവേണ്ടി നമുക്ക് യാചിക്കാം.

അടുത്തുവരുന്ന വി. വാരത്തിന്റെയും കർത്താവിന്റെ ഉയിർപ്പു തിരുനാളിന്റെയും അനുഗ്രഹാശിസ്സുകളോടെ,

ഈശോയിൽ സ്നേഹപൂർവ്വം
നിങ്ങളുടെ പിതാവ്



**മാർ പോൾ ആലപ്പാട്ട്**
രാമനാഥപുരം രൂപതാ മെത്രാൻ

NB: ഈ വിജ്ഞാപനം 17.03.2024 ഞായറാഴ്ച എല്ലാ പള്ളികളിലും സന്യാസ സമൂഹങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കണം. വി. കുർബാനയില്ലാത്തിടങ്ങളിൽ മറ്റ് സമയത്ത് വായിക്കണം. +PA

---

## CATHOLIC BISHOPS' CONFERENCE OF INDIA (CBCI)
## XXXVI BIENNIAL GENERAL BODY MEETING
## FINAL STATEMENT

**Jan. 31-Feb. 07, 2024, St. John's National Academy of Health Sciences, Bengaluru, India**

## INTRODUCTION

1/ With joyful confidence in the Lord Jesus Christ, we, the 170 Bishops of the Catholic Bishops' Conference of India (CBCI), gathered at St. John's National Academy of Health Sciences, Bengaluru, from January 31 to February 07, 2024, for our XXXVI General Assembly to reflect on the